# പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ നടപടി ഉത്തരവ്

ഹാജർ: ശ്രീ. കെ. ശശിധരൻ നായർ ഐ. എഫ്. എസ്

വി.യം: വനം വകുപ്പ് - കേരളത്തിലേക്ക് കടത്തിക്കോണ്ടുവരുന്ന കന്നുകാലികൾക്ക് ഗ്രേസിംഗ് വർദ്ധിപ്പിക്കുന്നതിന് സംബന്ധിച്ച്

സൂചന: 1. സർക്കാർ കത്ത് 930/ഡി2/2000/വനം തീയതി 7.12.2000
2. സർക്കാർ കത്ത് 1586/ഡി2/2001/വനം തീയതി 24.4.2001

## ഉത്തരവ് നം ർ സി4.42006/2000 തീയതി 09.05.2001

സൂചന ഒന്നു പ്രകാരം വനം വകുപ്പിൽ നിന്നും നൽകി വരുന്ന തരം പാസുകളുടെ വില 15/- രൂ യും നികുതിയും ചേർത്തു 01.01.2001 മുതൽ വർദ്ധിപ്പിച്ചുകെണ്ട് ഈ ഓഫീസിലെ 22.12.2000- ൽ 15/2000 നം ർ സർക്കുലർ പുറപ്പെടുവിച്ചുട്ടുണ്ട്. എന്നാൽ അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേയ്ക്ക് കടത്തികൊണ്ടുവരുന്ന കന്നുകാലികൾക്ക് ഈടാക്കി വരുന്ന ഗ്രേസിംഗ് ഫീസ് വർദ്ധിപ്പിച്ചിട്ടില്ല. ഇവയ്ക്ക് ഇപ്പോൾ ഈടാക്കി വരുന്ന ഗ്രേസിംഗ് ഫീസ് 15.09.92 മുതൽ താഴെ പറയും പ്രകാരമാണ്

| | | | |
|---|---|---|---|
| പോത്ത്, എരുമ എന്നിവയൊന്നിന് | - | 5 | രൂ |
| കാള, പശു എന്നിവയെയൊന്നിന് | - | 2 | രൂ |
| ആട് ഒന്നിന് | - | 1 | രൂ |

ടി നിരക്കുകൾ സൂചന രണ്ടു പ്രകാരം പുതിക്കി നിശ്ചയിക്കുവാൻ സർക്കാർ ഉത്തരവായിട്ടുണ്ട്. ആയതിനാൽ ടി നിരക്കുകൾ പോത്ത്, എരുമ, എന്നിവയൊന്നിന് 15/- രൂ യും കാള, പശു എന്നിവയൊന്നിന് 10/- രൂ യും ആട് ഒന്നിന് 5/- രൂ യും എന്ന ക്രമത്തിൽ 01.06.2001 മുതൽ പ്രാപല്ല്യത്തിൽ വരുത്തി പുതുക്കി നിശ്ചയിച്ചുകൊണ്ട് ഞാൻ, ശ്രീ .െ കെ. ശശിധരൻ നായർ , പ്രിൻസിപ്പ്ൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ ഇതിനാൽ ഉത്തരവാകുന്നു

**പ്രിൻസിപ്പൽ ച ീഫ് ഫോറസ്റ്റ് കൺസർവേറ്റർ**

എല്ലാ ഫോറസ്റ്റ് കൺസർവേറ്റർമാർക്കും / ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർമാർക്കും/ അസിസ്റ്റ് ഫോറസ്റ്റ് വേറ്റർമാർക്കും/ വൈൽഡ് ലൈഫ് വാർഡൻ എന്നിവർക്ക് അറിവിനും നടപടിക്കുമായി കൈപ്പറ്റ് രസീത് അയച്ചുതരേണ്ടതാണ്